**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയില്ല എന്ന് തുറമുഖ നിർമ്മാണ കമ്പനി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കു വാൻ കരാർ കമ്പനിക്ക് കഴിയാതെ വന്നതുകൊണ്ടാണ് പദ്ധതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കരാറിലെ 'Force Majeure Events' വ്യവസ്ഥകൾ ഉന്നയിച്ച് പദ്ധതി പൂർത്തീകരണത്തിന് സമയം നീട്ടി നൽകണമെന്ന് 'Arbitration Tribunal' മുമ്പാകെ നിർമ്മാണ കമ്പനി അപേക്ഷിച്ചിട്ടുണ്ട്. Arbitration നടപടികൾ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ